"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - ആലപ്പുഴ ജില്ല - ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് - കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ എസ്. എൻ. കടവ് - എസ്. ആർ. ജംഗ്ഷൻ റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.464/2025/DMD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. 27.03.2018 ലെ സ. ഉ. (കൈ) നം 3/2018/ഡി.എം.ഡി.
2. 21.09.2023 തീയതിയിലെ സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി.
3. 02.03.2024 ലെ DMB3/25/2024/DMD നമ്പർ സർക്കുലർ
4. ആലപ്പുഴ ജില്ലാകളക്ടറുടെ 27.05.2025 ലെ DCALP/13583/2023-DMC1 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (2) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ എസ്. എൻ. കടവ് - എസ്. ആർ. ജംഗ്ഷൻ റോഡ് പ്രവൃത്തിയ്ക്കായുള്ള ഇ-ടെണ്ടർ, റീ-ടെണ്ടർ ക്വട്ടേഷൻ എന്നിവ നടത്തിയെങ്കിലും ക്വട്ടേഷൻ വരെയുള്ള നടപടിവരെ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാലും തുടർന്ന് ക്വട്ടേഷൻ ഏറ്റെടുത്ത കരാറുകാരന് അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്നതിനാലും ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും മേൽ സാഹചര്യത്തിൽ ടി പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും ജില്ലാകളക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ കളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (2) ഉത്തരവ് പ്രകാരം 10,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ എസ്. എൻ. കടവ് - എസ്. ആർ. ജംഗ്ഷൻ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ ടി ഉത്തരവ് നിലവിൽ വരുന്ന തീയതി മുതൽ 4 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാകളക്ടർ, ആലപ്പുഴ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/111/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 04-07-2025 17:18:53

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്